(ബി) എങ്കിൽ ഇത് കുടിശ്ശികയും പലിശയും അടക്കം ഒരു കോടിയോളം രൂപ വരും എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കുടിശ്ശിക എത്രയെന്ന കാര്യം ഇതിനകം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത തുക പിരിച്ചെടുക്കുന്നതിനായി ഇതിനകം എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(എഫ്) കുടിശ്ശിക എന്നത്തേയ്ക്ക് പൂർണ്ണമായും ഈടാക്കാനാകും എന്നാണ് കരുതുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കുടിശ്ശികയും പലിശയും അടക്കം 83,35,884 രൂപ അടയ്ക്കാനുണ്ട്.

(ഡി) ഉണ്ട്.

(ഇ) കണക്ഷനുകൾക്ക് കൃത്യമായ ബില്ലുകൾ നൽകുകയും കണക്ഷൻ വിച്ഛേദിക്കുവാൻ നോട്ടീസുകളും നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ രണ്ട് കണക്ഷനുകൾ ഇപ്പോൾ വിച്ഛേദിക്കപ്പെട്ട നിലയിലാണ്. ഒരു കണക്ഷനെ സംബന്ധിച്ച് കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നതിനാൽ വിച്ഛേദിക്കാൻ കഴിഞ്ഞിട്ടില്ല.

(എഫ്) കോടതിയിൽ നിലനിൽക്കുന്ന വ്യവഹാരങ്ങൾക്ക് അന്തിമ തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കാനുള്ള കുടിശ്ശിക

130 (6289) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് 30-6-2010-വരെ എത്ര തുക കുടിശ്ശികയായി പിരിഞ്ഞു കിട്ടാനുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച് ധനകാര്യ മന്ത്രിയുടെ ചേംബറിൽ വച്ച് തദ്ദേശ സ്വയംഭരണ വകുപ്പുമായി എന്തെങ്കിലും ചർച്ച നടത്തിയോ ; എങ്കിൽ ചർച്ചയുടെ ഫലമായി വാട്ടർ അതോറിറ്റിക്ക് പിരിഞ്ഞുകിട്ടിയ കുടിശ്ശിക എത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കുടിശ്ശിക പിരിഞ്ഞു കിട്ടാത്തതുമൂലവും അല്ലാതെയുമുള്ള സാമ്പത്തിക പ്രതിസന്ധിമൂലം വാട്ടർ അതോറിറ്റി ഏതെങ്കിലും ധനകാര്യ സ്ഥാപനത്തിൽനിന്ന് ഇതിനകം വായ്പ എടുത്തിരുന്നോ ;

(ഡി) എങ്കിൽ എത്ര രൂപ ; ഏതൊക്കെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് മുതലും പലിശയുമായി വാട്ടർ അതോറിറ്റി മൊത്തം അടച്ചു തീർക്കാനുള്ള തുക എത്ര ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) കുടിശ്ശിക സംബന്ധിച്ച് 31-5-2010 വരെയുള്ള കണക്കുകൾ മാത്രമേ ക്രോഡീകരിച്ചിട്ടുള്ളു. ഇതിൻപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് 248.35 കോടി രൂപ ലഭിക്കാനുണ്ട്. ഇതിൽ 1-4-2008 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പഞ്ചായത്തുകളിൽ നിന്നും 100.78 കോടി രൂപയും മുനിസിപ്പാലിറ്റികളിൽ നിന്ന് 47.37 കോടി രൂപയും കോർപ്പറേഷനുകളിൽ നിന്ന് 61.62 കോടി രൂപയും 1-4-2008 മുതൽ 31-5-2010 വരെ 26.65 കോടി രൂപ, 8.91 കോടി രൂപ, 3.22 കോടി രൂപ ടി സ്ഥാപനങ്ങളിൽ നിന്ന് യഥാക്രമം ലഭിക്കാനുണ്ട്.

(ബി) 24-12-2008 -ൽ ചർച്ച നടത്തുകയും അതിന്റെ വെളിച്ചത്തിൽ 31-3-2008 വരെ അതോറിറ്റിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകാനുള്ള വാട്ടർ ചാർജ്ജ് കുടിശ്ശിക തുക 250 കോടി രൂപയായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം നിജപ്പെടുത്തുകയും ആയത് 5 വാർഷിക ഗഡുക്കളായി നൽകുവാനും തീരുമാനിക്കുകയുണ്ടായി. 2009-10 സാമ്പത്തിക വർഷം ലഭിക്കേണ്ട ആദ്യ ഗഡുവിൽനിന്ന് 40.43 കോടി രൂപ അതോറിറ്റിക്ക് ലഭിച്ചിട്ടുണ്ട്.

(സി) & (ഡി) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് കുടിശ്ശിക ലഭിക്കുമെന്ന പ്രതീക്ഷയിൽ വൈദ്യുതി കുടിശ്ശിക അടച്ചുതീർക്കുന്നതിനായി കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽനിന്ന് 150 കോടി രൂപയും എസ്.ബി.റ്റി.യിൽ നിന്ന് 100 കോടി രൂപയും വായ്പ എടുത്തിരുന്നു. വായ്പ കൃത്യമായി ഒടുക്കിത്തീർക്കുവാൻ സാധിക്കുന്ന പക്ഷം മുതലും പലിശയുമായി 340 കോടി രൂപ ഒടുക്കേണ്ടിവരുമെന്ന് കണക്കാക്കുന്നു.

പമ്പ് ഓപ്പറേറ്റർ തസ്തികയിലേയ്ക്കുള്ള പി.എസ്.സി.റാങ്ക് ലിസ്റ്റ്

131 (6290) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) കേരള വാട്ടർ അതോറിറ്റിയിൽ പമ്പ് ഓപ്പറേറ്റർ തസ്തികയിലേക്കുള്ള പി. എസ്. സി. റാങ്ക്ലിസ്റ്റ് നിലവിലുണ്ടോ ; പ്രസ്തുത ലിസ്റ്റ് എന്നാണ് നിലവിൽ വന്നത് ;

(ബി) പ്രസ്തുത തസ്തികയിലെ എത്ര ഒഴിവുകൾ പി. എസ്. സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly